കഞ്ചാവുബാഗ് ഉപേക്ഷിച്ചു രക്ഷപ്പെട്ടയാളെ ഇടുക്കിയിൽനിന്ന് പിടികൂടി

മുളങ്കുന്നത്തുകാവ്: പോലീസിനെ കണ്ട് കഞ്ചാവടങ്ങിയ ബാഗ് ഉപേക്ഷിച്ചു രക്ഷപ്പെട്ടയാളെ മെഡിക്കൽ കോളജ് പോലീസ് ഇടുക്കിയിൽനിന്ന് അറസ്റ്റുചെയ്തു. ചെങ്ങന്നൂർ വെൺമണി പാറച്ചന്തയിൽ ഐശ്വര്യഭവനിൽ ശ്യാം വിശ്വംഭരനാണ് (33) പിടിയിലായത്.

നാലുദിവസംമുമ്പ് മുളങ്കുന്നത്തുകാവ് റെയിൽവേ സ്റ്റേഷനു സമീപമാണു സംഭവം. പുലർച്ചെ പോലീസ് പട്രോളിംഗിനിടെ സംശയകരമായി കണ്ടയാളെ ചോദ്യം ചെയ്യാനായി പോലീസ് അടുത്തെത്തിയപ്പോഴാണ് പ്രതി ബാഗ് ഉപേക്ഷിച്ചു രക്ഷപ്പെട്ടത്. ഓടുന്നതിനിടെ ഇയാളുടെ മൊബൈൽ ഫോൺ നഷ്ടപ്പെട്ടതിൽനിന്നാണു പ്രതിയെക്കുറിച്ചു പോലീസിനു സൂചന ലഭിച്ചത്. ബാഗിൽ 1.3 കിലോഗ്രാം കഞ്ചാവുണ്ടായിരുന്നു. തുടർന്നുനടത്തിയ അന്വേഷണത്തിൽ ഇടുക്കി പൈനാവിൽനിന്നാണു മെഡിക്കൽ കോളജ് പോലീസ് പ്രതിയെ പിടികൂടിയിത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

ശ്യാം വിശ്വംഭരൻ

ഒമ്പതുവയസുകാരിക്കെതിരെ ലൈംഗിക അതിക്രമം; 44കാരന് പത്തുവർഷം തടവ്

ഇരിങ്ങാലക്കുട: ഒമ്പതുവയസുകാരിക്കെതിരെ ലൈംഗിക അതിക്രമം നടത്തിയ നാല്പത്തിനാലുകാരനു 10 വർഷം തടവും അമ്പതിനായിരം രൂപ പിഴയും ശിക്ഷ. ഇരിങ്ങാലക്കുട അതിവേഗ സ്പെഷൽ കോടതി ജഡ്ജ് വി വീജ സേതുമോഹനാണ് വിധി പ്രസ്താവിച്ചത്.

2019 നവംബറിലാണ് കേസിനാസ്പദമായ സംഭവം. ചാലക്കുടി പോലീസ് ചാർജ് ചെയ്ത കേസിൽ പ്രതിയായ കോടശേരി സ്വദേശി സുകുമാരനെയാണ് കുറ്റക്കാരനാണെന്നുകണ്ട് കോടതി ശിക്ഷിച്ചത്. ചാലക്കുടി പോലീസ് സബ് ഇൻസ്പെക്ടറായിരുന്ന ബി.കെ. അരുൺ രജിസ്റ്റർ ചെയ്ത് ആദ്യാന്വേഷണം നടത്തിയ കേസിൽ തൃശൂർ റൂറൽ വനിതാ പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർമാരായിരുന്ന പി.ആർ. ഉഷ, പി.എം. സന്ധ്യാദേവി എന്നിവരാണ് തുടരന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ചത്.

സുകുമാരൻ

പ്രോസിക്യൂഷനുവേണ്ടി സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടർ അഡ്വ. വിജു വാഴക്കാല ഹാജരായി. സീനിയർ സിവിൽ പോലീസ് ഓഫീസറും ലെയ്സൺ ഓഫീസറുമായ ടി. ആർ. രജിനി പ്രോസിക്യൂഷൻ നടപടികൾ ഏകോപിപ്പിച്ചു. പ്രതിയെ തൃശൂർ ജില്ലാ ജയിലിലേക്കു റിമാൻഡ് ചെയ്തു. പിഴസംഖ്യ ഈടാക്കിയാൽ അതിജീവിതയ്ക്കു നൽകുവാനും ഉത്തരവിലുണ്ട്.

സമസ്ത 6.0 - നൂതനാശയങ്ങൾ ക്ഷണിക്കുന്നു

പാലക്കാട്: ഐഐടി പാലക്കാട് ടെക്നോളജി ഇന്നോവേഷൻ ഫൗണ്ടേഷനും(ടെക്ഇൻ) ഗ്ലോബൽ സാനിറ്റേഷൻ സെന്റർ ഫോർ എക്സലൻസും സംയുക്തമായി സംഘടിപ്പിക്കുന്ന സമസ്ത 6.0 യിലേക്ക് ജല, ശുചീകരണ, ശുചിത്വവുമായി ബന്ധപ്പെട്ട(വാഷ്- വാട്ടർ, സാനിറ്റേഷൻ ആൻഡ് ഹൈജീൻ) സാങ്കേതിക നൂതന ആശയങ്ങൾ ക്ഷണിക്കുന്നു.

ടെക്നോളജി റെഡിനസ് ലെവൽ(ടിആർഎൽ) അഞ്ചിനു മുകളിലുള്ള നൂതനസാങ്കേതികാശയങ്ങൾ കണ്ടെത്തുകയും പിന്തുണയ്ക്കുകയുമാണ് സമസ്ത 6.0 ലൂടെ ലക്ഷ്യമിടുന്നത്. സ്മാർട്ട് വാട്ടർ മാനേജ്മെന്റ്, വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് ടെക്നോളജി, വാട്ടർ റീസൈക്ലിംഗ് ആൻഡ് റീയൂസ്, മെൻസ്ട്രുൽ ഹൈജീൻ ഉത്പന്നങ്ങൾ തുടങ്ങിയ മേഖലകളിലെ നൂതനാശയങ്ങൾ സമർപ്പിക്കാം. അവസാനഘട്ടത്തിൽ വിജയിക്കുന്ന ഗ്രൂപ്പുകൾക്ക് 20 ലക്ഷം രൂപവരെ സാമ്പത്തികസഹായം ലഭിക്കും. അവസാനതീയതി ഓഗസ്റ്റ് 15. കൂടുതൽ വിവരങ്ങൾക്ക് https://techin-iitpkd.org/samastha-6-0/ എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഇ-മെയിൽ- programs@techin-iitpkd.org. ഫോൺ: 8848875281.

പള്ളികളുടെ അവകാശത്തർക്കം: ചെറുകുന്നത്തു വിശ്വാസികളെ ബലംപ്രയോഗിച്ച് മാറ്റുന്നതിനിടെ വൈദികൻ കുഴഞ്ഞുവീണു

വടക്കഞ്ചേരി: യാക്കോബായ, ഓർത്തഡോക്സ് വിഭാഗങ്ങൾ തമ്മിൽ തർക്കം നിലനിൽക്കുന്ന കിഴക്കഞ്ചേരി എരിക്കിൻചിറ, ചെറുകുന്നം, മംഗലംഡാം പള്ളികളിൽ കോടതി ഉത്തരവ് നടപ്പിലാക്കാൻ വലിയ സന്നാഹത്തോടെ പോലീസ് എത്തിയതു സംഘർഷാന്തരീക്ഷമുണ്ടാക്കി. പോലീസ് രണ്ടുതവണ ഗ്രനേഡ് പ്രയോഗിച്ചു.

കിഴക്കഞ്ചേരി ചെറുകുന്നം പള്ളിയിൽ ബലപ്രയോഗത്തിലൂടെ പ്രതിഷേധക്കാരെ തള്ളിമാറ്റാനുള്ള പോലീസ് ശ്രമത്തിനിടെ വൈദികൻ ഫാ. രാജു മാർക്കോസ് കുഴഞ്ഞുവീണതു പരിഭ്രാന്തി സൃഷ്ടിച്ചു. ഇതോടെ വിശ്വാസികൾ ക്ഷുഭിതരായി. തുടർന്നു നടപടികളിലേക്കു നീങ്ങാതെ പോലീസ് പിന്മാറുകയായിരുന്നു.

മംഗലംഡാം പള്ളിയിലും പോലീസ് ബലപ്രയോഗത്തിനു തുനിഞ്ഞെങ്കിലും യാക്കോബായവിഭാഗത്തിന്റെ പ്രതിഷേധം കടുത്തതോടെ പിന്മാറി. നിരവധി വനിതാ പോലീസുകാർ ഉൾപ്പെടെ ഡിവൈഎസ്പിമാരുടെ നേതൃത്വത്തിലായിരുന്നു വൻ പോലീസ് സംഘങ്ങൾ മംഗലംഡാം, ചെറുകുന്നം, എരിക്കിൻചിറ പള്ളികളിലുണ്ടായിരുന്നത്. എരിക്കിൻചിറയിൽ പള്ളിയിൽനിന്ന് ഒരു കിലോമീറ്റർ അകലെവച്ച് വാഹനങ്ങൾ തടഞ്ഞ് വഴിതിരിച്ചുവിട്ടതു പ്രതിഷേധത്തിനിടയാക്കി. മെയിൻ റോഡിൽ സ്കൂൾവാഹനങ്ങളും പോലീസ് തടഞ്ഞിരുന്നു. മുന്നറിയിപ്പില്ലാതെ പൊതുവഴിയിലെ വാഹനഗതാഗതം പോലീസ് തടയുന്നതു കഴിഞ്ഞതവണയും പ്രതിഷേധത്തിനു കാരണമായിരുന്നു.

കിഴക്കഞ്ചേരി എരിക്കിൻചിറ പള്ളിയിൽ തഹസിൽദാർ ടി. ജയശ്രീ വൈദികരുമായി സംസാരിക്കുന്നു.

ബലംപ്രയോഗിച്ച് പള്ളികൾ പിടിച്ചെടുക്കരുതെന്നും സമാധാനപരമായും ചർച്ചകളിലൂടെയും പ്രശ്നം പരിഹരിക്കണമെന്നുമാണ് യാക്കോബായവിഭാഗം വിശ്വാസികൾ ഉന്നയിക്കുന്നത്. ഇന്നലെ പുലർച്ചയോടെന്നെ മേഖലയിലെ പള്ളികൾ പോലീസ് വലയത്തിലായിരുന്നു. സ്ത്രീകളും കുട്ടികളുമായി നൂറുകണക്കിനു യാക്കോബായവിഭാഗം വിശ്വാസികളും തലേന്നുരാത്രിയിലും ഇന്നലെ പുലർച്ചെയുമായി പള്ളികളിൽതന്നെ കഴിയുന്നുണ്ടായിരുന്നു.

എരിക്കിൻചിറ സെന്റ് മേരിസ് യാക്കോബായ സുറിയാനിക്രിസ്ത്യാനി പള്ളി, ചെറുകുന്നം സെന്റ് തോമസ് പള്ളി, മംഗലംഡാം സെന്റ് മേരിസ് പള്ളി എന്നിവിടങ്ങളിലാണ് കോടതി ഉത്തരവു നടപ്പിലാക്കാൻ പോലീസ് പടയെത്തിയത്. മേഖലയിലെ പള്ളികളിലെല്ലാം യാക്കോബായവിഭാഗം വിശ്വാസികളാണ് ഭൂരിഭാഗവും.

ദീപിക ക്ലാസിഫൈഡ്സ്

DhanlaxmiBank established 1927

കൊട്ടേക്കാട് ശാഖ
10/508, കുന്നത്ത് ബിൽഡിംഗ്, കുറ്റൂർ പി.ഒ., കൊട്ടേക്കാട്

റീജിയണൽ ഓഫീസ്: പൂങ്കുന്നം - 680002 കോർപ്പറേറ്റ് ഓഫീസ്: തൃശൂർ - 680002

സ്വീകർത്താക്കൾ രജിസ്റ്റേർഡ് എ.ഡി. സഹിതം തിയ്യതി: 27/06/2024

(1) **ശ്രീമതി. അഷിത സത്യൻ**, എൻ. സത്യന്റെ മകൾ, 'സിതാര' നാരായണത്തറ, ചൂലിശ്ശേരി പി.ഒ., പോട്ടോർ, തൃശൂർ-680 541, (2) **ശ്രീ. എൻ. കെ. സത്യൻ**, എൻ. ആർ. കൊച്ചുകുട്ടന്റെ മകൻ, 'സിതാര' നാരായണത്തറ, ചൂലിശ്ശേരി പി.ഒ., പോട്ടോർ, തൃശൂർ-680 541, (3) **എൻ. കെ. സത്യൻ** (പ്രൊപ്രൈറ്റർ. മെസ്സേർസ്. സത്യ മെഡിക്കൽസ്, 3/352, മോഡേൺ കോപ്പക്സ്, തിരൂർ പോട്ടോർ റോഡ്, തൃശൂർ-680 581, (4) **ശ്രീമതി. നന്ദിനി സത്യൻ**, എൻ. കെ. സത്യന്റെ ഭാര്യ, 'സിതാര' നാരായണത്തറ, ചൂലിശ്ശേരി പി.ഒ., പോട്ടോർ, തൃശൂർ-680 541.

സർ, **സെക്യൂരിറ്റൈസേഷൻ ആൻഡ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസ്സറ്റ്സ് ആൻഡ് എൻഫോർസ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് 2002ൽ സെക്ഷൻ 13(2)ന്റെ അധീനതയിൽ അയക്കപ്പെടുന്ന നോട്ടീസ്.**

(1) കേരള സംസ്ഥാനത്തിൽ തൃശ്ശൂർ ആസ്ഥാനമായി പ്രവർത്തിച്ചു വരുന്നതും തൃശ്ശൂരിൽ കോർപ്പറേറ്റ് ഓഫീസും തൃശ്ശൂരിൽ തന്നെ റീജിയണൽ ഓഫീസും ഉള്ളതുമായ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കായ ധനലക്ഷ്മി ബാങ്ക്, തങ്ങളുടെ ശാഖകളിലൊന്നായ കൊട്ടേക്കാട് ശാഖ (ഇതിന് താഴെ എല്ലായിടത്തും 'ബാങ്ക്' എന്ന പരാമർശത്തിൽ വരുന്നവ) സെക്ഷൻ 13(2)ന്റെ അധീനതയിൽ വരുന്ന സെക്യൂരിറ്റൈസേഷൻ ആൻഡ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് 2002ൽ (ഇതിന് താഴെ എല്ലായിടത്തും 'ആക്ട്' എന്ന പരാമർശത്തിൽ വരുന്നവ) താങ്കൾക്ക് നോട്ടീസ് (അറിയിപ്പ്) അയക്കുന്നു.

(2) ആവശ്യമായ രേഖകളുടെയും പണയ വസ്തുക്കളുടെയും അടിസ്ഥാനത്തിൽ ഞങ്ങളുടെ കൊട്ടേക്കാട് ശാഖ താഴെ വിവരിക്കുന്ന രീതിയിലുള്ള സാമ്പത്തിക സഹായം/വായ്പ **ശ്രീമതി. അഷിത സത്യന്റെ** അക്കൗണ്ടിലേയ്ക്ക് നൽകിയിട്ടുണ്ട്. (തുക രൂപയിൽ)

ക്രമ നം.	വായ്പയുടെ ഇനം	വായ്പ തുക രൂപയിൽ	എ.ഒ.എൽ തിയ്യതി	(29/05/2024ലെ ബാലൻസ്)	പലിശ നിരക്ക് (%)
1	വിദ്യാഭ്യാസ വായ്പ	1000000.00	08/01/2024	1565060.12	12.55%

(3) താങ്കൾ ബാങ്കിന് താഴെ പറയുന്ന വസ്തുവകകൾ പണയപ്പെടുത്തിയിട്ടുണ്ട്.
(എ) വാടകയ്ക്കോ സാമ്പത്തിക ഗുണത്തിനായുള്ള ലീസിനോ നിബന്ധനകൾക്കോ വിധേയമായിട്ടുള്ള വിൽപന തുടങ്ങിയവയിൽ ഉൾപ്പെടിരിക്കുന്നതോ അല്ലാത്തതോ ആയ എല്ലാവിധ സ്പർശന യോഗ്യമായ വസ്തുക്കൾ കൂടാതെ സ്പർശന യോഗ്യമല്ലാത്ത അവകാശങ്ങൾ, ലൈസൻസ് തുടങ്ങിയവയുടെയും അവകാശം - കൂടുതൽ വിശദമായി ഇതിനു താഴെ 'ഷെഡ്യൂൾ എ' എന്ന പരാമർശത്തിൽ വരുന്നവ.
(ബി) സ്ഥാവര വസ്തുക്കളുടെ പ്രമാണ പത്രങ്ങൾ അടവ് വെച്ചുകൊണ്ടുള്ള സാധാരണ പണയം (രജിസ്റ്റർ ചെയ്യപ്പെട്ടതായ പണയം. കൂടുതൽ വിശദമായി ഇതിനു താഴെ 'ഷെഡ്യൂൾ ബി' എന്ന പരാമർശത്തിൽ വരുന്നവ.
('ഷെഡ്യൂൾ എ', 'ഷെഡ്യൂൾ ബി' എന്നിവയിൽ വിവരിക്കപ്പെടുന്ന എല്ലാ വസ്തുവകകളും ഇതിനു താഴെ 'പണയ വസ്തുക്കൾ' എന്ന പൊതുവായ പരാമർശത്തിൽ കീഴിൽ ആയിരിക്കും ഇനി വരുന്നത്.)

(4) വായ്പ അനുവദിച്ചിട്ടുള്ളതിന്റെ അടിസ്ഥാന രേഖകളിലേയും ആയതിന്റെ നിബന്ധനകൾ, വായ്പ ഉടമ്പടികൾ, വസ്തുവകകളുടെ ജാമ്യ രേഖകൾ എന്നിവയിലെ കാര്യങ്ങൾ ലംഘിച്ചുകൊണ്ട് താങ്കൾക്ക് നൽകിയതായ വായ്പയുടെ തിരിച്ചടവ് അവധണിക്കുകയോ അതിൽ പരാജിതനാകുകയോ ചെയ്തിട്ടുണ്ട്. ആയതിനാൽ ബാങ്ക് താങ്കളുടെ അക്കൗണ്ട് സെക്ഷൻ 2(o) ആക്ട് അനുസരിച്ച് 29/05/2024 മുതൽ നോൺ പെർഫോമിംഗ് അസ്സറ്റ്സ് (എൻ പി എ കിട്ടാക്കടം) എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(5) താഴെ വിവരിക്കപ്പെടുന്ന തുക താങ്കൾ തിരിച്ചടക്കേണ്ടതായിട്ടുണ്ട്: 29/05/2024 ൽ നിലവിലുള്ളതായ വിദ്യാഭ്യാസ വായ്പാ ഇനങ്ങളിലായുള്ള വായ്പകളിൽ **₹15,65,060.12 (പതിനഞ്ച് ലക്ഷത്തി അറുപത്തയ്യായിരത്തി അറുപത് രൂപ പന്ത്രണ്ട് പൈസ)** ആയതിന് 12.55% നിരക്കിലുള്ള പലിശയും അടങ്ങുന്ന ആകെത്തുകയും തിരിച്ചടവ് തിയതി വരെയുള്ള മറ്റു അനുബന്ധ ചിലവുകളും അടക്കേണ്ടതായിട്ടുള്ള ബാങ്കിന്റെ ആവർത്തിച്ചുള്ള അപേക്ഷകൾക്കും അറിയിപ്പുകൾക്ക് ശേഷവും വായ്പ/സാമ്പത്തിക സഹായം തിരിച്ചടക്കുന്നതിൽ ശ്രദ്ധിക്കുന്നതായി കാണുന്നില്ല.

(6) സെക്ഷൻ 2(zd) ആക്ടിന്റെ കീഴിൽ ബാങ്ക് വായ്പ തിരിച്ചു വാങ്ങിക്കുവാൻ അധികാരമുള്ള സ്ഥാപനം (സെക്യൂർഡ് ക്രെഡിറ്റർ) ആയി നിർവ്വഹണം ചെയ്യപ്പെട്ടതിനാൽ താങ്കൾക്ക് ബാങ്ക് ഈ അറിയിപ്പ് നൽകുന്നു.

(7) ആയതിനാൽ 29/05/2024-ൽ നിലവിലുള്ളതായ വിദ്യാഭ്യാസ വായ്പാ ഇനങ്ങളിലായുള്ള വായ്പകൾ **₹15,65,060.12 (പതിനഞ്ച് ലക്ഷത്തി അറുപത്തയ്യായിരത്തി അറുപത് രൂപ പന്ത്രണ്ട് പൈസ)**, തുകയും ആയതിന് 12.55% നിരക്കിലുള്ള പലിശയും അടങ്ങുന്ന ആകെത്തുകയും മറ്റു അനുബന്ധ ചിലവുകളും 30/05/2024 മുതൽ 60 ദിവസത്തിനകം തിരിച്ചടക്കേണ്ടതായിട്ടുണ്ട്. അല്ലാത്ത പക്ഷം കടം നൽകിയ സ്ഥാപനം എന്ന നിലയിൽ ബാങ്കിന്റെ അവകാശങ്ങൾക്കോ പരിഹാരങ്ങൾക്കോ ഭംഗം വരാത്ത രീതിയിൽ നിലവിലുള്ള നിർദിഷ്ടമായ ആക്ടിന്റെ കീഴിൽ നിയമ നടപടികൾ കൈ കൊള്ളുന്നതാണ്.

(8) ആക്ടിന്റെ കീഴിലുള്ള സെക്ഷൻ 13(13) അനുസരിച്ചു ബാങ്കിന്റെ രേഖാമൂലമായിട്ടുള്ള സമ്മതമില്ലാതെ ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള വസ്തുവകകളിന്മേൽ ഈ അറിയിപ്പ് കൈപ്പറ്റിയ ദിവസം മുതൽ യാതൊരുവിധ ഇടപാടുകളും നടത്താൻ പാടുള്ളതല്ല എന്ന് താങ്കളെ അറിയിക്കുന്നു. സെക്ഷൻ 29 അനുസരിച്ച് ഇത്തരത്തിൽ എന്തെങ്കിലും ഉല്ലംഘനം നടത്തുകയോ നടത്താൻ കൂട്ട് നിൽക്കുകയോ ചെയ്താൽ ഒരു വർഷം വരെ തടവോ പിഴയോ രണ്ടും ഒരുമിച്ചോ ലഭിക്കാൻ ഇടയുള്ളതാണ്.

(9) ഈ അറിയിപ്പിന്റെ തിയ്യതിയിൽ നിന്നും 60 ദിവസത്തിനകം വായ്പ അടക്കാതിരിക്കുന്ന പക്ഷം ബാങ്ക് സെക്ഷൻ 13(4) ആക്ടിന്റെ കീഴിൽ യുക്തമായ നടപടികൾ കൈക്കൊള്ളുന്നതും ഇതിനായി വരുന്ന എല്ലാ ചിലവുകളും ബാങ്കിന് നൽകുവാൻ ബാധ്യസ്ഥനായിരിക്കുമെന്ന കാര്യം കൂടി താങ്കളെ അറിയിക്കുന്നു. താങ്കളുടെ പണയ വസ്തുക്കൾ വിറ്റു കിട്ടുന്ന തുക ബാങ്കിന്റെ വായ്പ തുക യിലേയ്ക്ക് പോരാതെ വരികയാണെങ്കിൽ താങ്കളുടെ സ്വന്തമായോ കൂട്ടായോ ഉള്ള സ്ഥാവര ജംഗമ വസ്തുക്കളിൽ നിന്നും ഈടാക്കുന്നതിലേക്കായി നടപടികൾ സ്വീകരിക്കുന്നതുമാണ്.

(10) ആക്ടിന്റെ സെക്ഷൻ 13(8) പ്രകാരം താങ്കൾ ബാങ്കിന് നൽകാനുള്ള മൊത്തം വായ്പ തുകയും മറ്റു അനുബന്ധ ചിലവുകളും വിൽപന പരസ്യം പ്രസിദ്ധീകരിക്കുന്നതിന് മുൻപായി അടച്ചു തീർത്ത് പണയപ്പെടുത്തിയ വസ്തുവകകൾ തിരികെ കൈപ്പറ്റുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

ഈ അറിയിപ് നൽകിയ ശേഷവും ആവശ്യമെന്ന് വരുന്ന പക്ഷം നിയമവിധേയമായിട്ടുള്ള മറ്റേതെങ്കിലും തരത്തിലുള്ള നടപടികൾ കൈക്കൊള്ളുന്നതിനും ബാങ്കിന് പൂർണ്ണ സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്.

ഷെഡ്യൂൾ 'എ': ഒന്നുമില്ല

ഷെഡ്യൂൾ 'ബി': തൃശൂർ ജില്ലയിൽ തൃശൂർ താലൂക്കിൽ പോട്ടോർ വില്ലേജിൽ തൃശൂർ സബ് രജിസ്ട്രാർ ഓഫിസിലെ 06/07/2011 ലെ 2979/11-ാം നം. കൂട്ടവകാശ ഒഴിമുറി രേഖ പ്രകാരമുള്ളതും റീ സർവ്വേ നം. 296/1, സർവ്വേ നം. 628/3ൽ ഉൾപ്പെടുന്നതുമായ ശ്രീ. സത്യന്റെ പേരിലുള്ള 9 ആർസ് (22.239 സെന്റ്) സ്ഥാവര വസ്തു സ്ഥലം ആയതിലെ വാസയോഗ്യമായ കെട്ടിടം അടക്കം ആയതിലെ എല്ലാ ഭേദഗതികളും അടക്കം.

കൂട്ടവകാശ ഒഴിമുറി രേഖ പ്രകാരമുള്ള അതിരുകൾ: കിഴക്ക്: സോണിയയുടെ വസ്തുവകകൾ, **പടിഞ്ഞാറ്**: സോണിയയുടെ വസ്തുവകകൾ, **തെക്ക്**: സോണിയയുടെ വസ്തുവകകൾ, **വടക്ക്**: പഞ്ചായത്ത് റോഡ്.

ഈ വസ്തുവിന്മേൽ മെസ്സേർസ്. സത്യ മെഡിക്കൽസിന് നൽകിയ വായ്പയിൽ 2024 മെയ് 31-ലെ കണക്കനുസരിച്ച് നിലവിലുള്ള ബാക്കി തുക 5,55,770.37 രൂപയാണ്.

അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ
ധനലക്ഷ്മി ബാങ്ക് ലിമിറ്റഡ്
DLB_307_PNKM

T2407-536489

ഹോം നഴ്സിംഗ്
പരിചയമുള്ള രോഗീപരിചരണം, വീട്ടുജോലി, പ്രസവശുശ്രൂഷ (സ്ത്രീ/പുരുഷൻ) വേതനം: 14000-30000 Rs). ദിവസവേതനത്തിൽ ബൈസ്റ്റാൻഡറെ ലഭിക്കുന്നതിന്.
വെസ്റ്റേൺ, തൊടുപുഴ, മുട്ടം
04862-255326, 9446813356, 9388810095
K2405-530425

മരിയ സെപ്റ്റിക് ടാങ്ക് ക്ലീനിങ്ങ്
7560840085
ബ്ലോക്ക്, മെയിന്റനൻസ് ജില്ലയിൽ എവിടെയും പകലും വ്യത്തിയാക്കുന്നു
9633410797
ഗിരി ടാങ്ക്

ദീപം സെപ്റ്റിക് ടാങ്ക് ക്ലീനിങ്ങ്
ബ്ലോക്, മെയിന്റൻസ് ജില്ലയിലെവിടെയും
Mob: 8606541044, 7034770142
K2407-534755

പ്രതികാത്മക കൈവശപ്പെടുത്തൽ അറിയിപ്പ്

ICICI Bank **ബ്രാഞ്ച് ഓഫീസ്: ഐസിഐസിഐ ബാങ്ക് ലിമിറ്റഡ്.** 4/10, മൈത്രി ടവർ, ബൊമ്മനഹള്ളി ഹോസൂർ മെയിൻ റോഡ് ബാംഗ്ലൂർ - 560068

ഐസിഐസിഐ ബാങ്കിന്റെ നിയമാനുസരണമുള്ള ഔദ്യോഗിക അധികാരമുപയോഗിച്ച്, സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 പ്രകാരവും ടി ആക്ടിന്റെ 13 (12) ചട്ടം 3 ഉം സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾ 2002 പ്രകാരം ബാങ്കിൽ നിന്നും വായ്പ് എടുത്തവർക്കും ജാമ്യക്കാർക്കും നോട്ടീസിൽ പറയുന്ന തുകയും മറ്റ് ചാർജുകളും സഹിതം നോട്ടീസ് കൈപ്പറ്റി 60 ദിവസത്തിനകം ബാങ്കിൽ അടയ്ക്കാൻ ആവശ്യപ്പെടുന്നു.

എന്നാൽ, വായ്പക്കാർ വായ്പതുക തിരിച്ചടയ്ക്കുന്നതിൽ പരാജയപ്പെട്ടതിനാൽ, മേൽപ്പറഞ്ഞ നിയമത്തിലെ സെക്ഷൻ 13(4) വകുപ്പും ചട്ടങ്ങളിലെ എട്ടാം ചട്ടവും പ്രകാരം താഴെ ഒപ്പിട്ടിരിക്കുന്നയാൾ അയാൾക്ക്/അവർക്ക് നൽകിയിട്ടുള്ള അധികാരങ്ങൾ ഉപയോഗിച്ച് താഴെപ്പറയുന്ന വസ്തുവകകൾ പ്രതീകാത്മകമായി കൈവശപ്പെടുത്തിയതായി വായ്പക്കാർക്കും പൊതുജനങ്ങൾക്കും ഇതിനാൽ മുന്നറിയിപ്പ് അറിയിപ്പ് നൽകുന്നു. വസ്തുവകകൾ എന്തെങ്കിലും തരത്തിലുള്ള ഇടപാട് നടത്തിയാൽ ഐസിഐസിഐ ബാങ്ക് ലിമിറ്റഡിന്റെ എല്ലാവിധ ചാർജുകൾക്കും വിധേയമായിരിക്കും.

ക്രമ നമ്പർ	വായ്പക്കാരന്റെ പേര്/ലോൺ അക്കൗണ്ട് നമ്പർ	പണയവസ്തുവിന്റെ വിവരണം/പ്രതികാത്മകമായി വസ്തു കൈവശപ്പെടുത്തിയ തീയതി	നോട്ടീസ് അയച്ച തീയതി/നോട്ടീസ് തീയതി വരെയുള്ള കുടിശിക (തുക)	ബ്രാഞ്ചിന്റെ പേര്
1	കെ ആർ ട്രേഡേഴ്സ്, കൂട്ടികൃഷ്ണൻ കെ, അജിത്കുമാർ കെ, രമണി കെ, റീസർവേ നമ്പർ 48/1, കുറ്റൂപ്പത്ത് വീട്, വെട്ടിക്കൽ, വാൽക്കുളംമ്പ്, കിഴക്കഞ്ചേരി, പാലക്കാട്- 678684/ 267705000675	(വായ്പ രേഖ / പ്രോപ്പർട്ടി ഡോക്യുമെന്റിൽ വിവരിച്ചിരിക്കുന്നത് പോലെ, കിഴക്കഞ്ചേരി-1, ആലത്തൂർ വില്ലേജ്, താലൂക്ക്, വടക്കാഞ്ചേരി ഉപജില്ല, പാലക്കാട് ജില്ല, കേരള സംസ്ഥാനം സ്ഥിതിചെയ്യുന്ന പഴയ കെട്ടിടം ഉൾപ്പെടെയുള്ള 24.58 ആർ (60.737 സെന്റ്) വസ്തുവിന്റെ പഴയ സർവേ നമ്പർ: -43/7, ബ്ലോക്ക് നമ്പർ: 37 ൽ സ്ഥിതിചെയ്യുന്നു. റീസർവ്വേ നമ്പർ 48/1, കിഴക്കഞ്ചേരി- 1 വില്ലേജ് , ഈ വസ്തുവിലുള്ള കെട്ടിടങ്ങളും ഘടനകളും, ഫിക്ചറുകൾ, ഫിറ്റിംഗുകൾ, എല്ലാ മെഷിനറികളും ഭൂമിയോട് സ്ഥിരമായോ താൽക്കാലികമായോ ഘടിപ്പിച്ചിരിക്കുന്നതോ, ഭൂമിയുമായി ബന്ധിപ്പിച്ചിരിക്കുന്ന എല്ലാം ഇപ്പോഴത്തെ അവസ്ഥയിലും ഭാവിയിലുള്ള അവസ്ഥയിലും. (വിസ്തീർണം കണക്കാക്കുന്നത് 24.58ആർ ന് അതിർത്തി: വടക്ക്: അജിത്കുമാറിന്റെ വസ്തു, തെക്ക്: പഞ്ചായത്ത് റോഡ്, കിഴക്ക്: മത്തായിയുടെ വസ്തു, പടിഞ്ഞാറ്: റോഡ്. പ്രതീകാത്മകമായി വസ്തു കൈവശം വച്ച തീയതി: 19 ജൂലൈ 2024.	ജനുവരി 15, 2024 രൂപ 20,56,178.00/-	പാലക്കാട്

മുകളിൽ പറഞ്ഞിരിക്കുന്ന വായ്പക്കാർ/ജാമ്യക്കാർ എന്നിവർക്ക് വായ്പ തിരിച്ചടയ്ക്കുന്നതിന് 30 ദിവസം നൽകുന്നതാണ്. നോട്ടീസ് പ്രസിദ്ധീകരിച്ച് 30 ദിവസത്തിനുള്ളിൽ വായ്പ തിരിച്ചടച്ചില്ലെങ്കിൽ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) ചട്ടങ്ങൾ 2002 ലെ എട്ട് ഒമ്പത് ചട്ടപ്രകാരം പണയവസ്തു വിൽക്കുന്നതാണ്.

തീയതി: ജൂലൈ 24, 2024
സ്ഥലം: പാലക്കാട്
സ്നേഹപൂർവം അംഗീകൃത ഒഫ്
ഐസിഐസിഐ ബാങ്ക് ലിമിറ്റഡിനുവേണ്ടി

K2407-536493

കൊച്ചിയിൽ നിങ്ങൾക്കും പഠിക്കാം സിനിമ
1 വർഷ ഡിപ്ലോമ
FILM EDITING
CINEMATOGRAPHY
AUDIO ENGINEEERING
FILM DIRECTION
GOODNESS FILM SCHOOL
De Service Park, SRM Road
Pachalam, Kochi- 682012
3-6 മാസക്കാലം നീണ്ടു നിൽക്കുന്ന ഹ്രസ്വകാല കോഴ്സുകളും നടത്തപ്പെടുന്നു
വിളിക്കൂ
965 611 7063
892 126 0344
E2407 535008

THE WESTERN SPEAKER
ഒറ്റ ദിവസം കൊണ്ട് ENGLISH FLUENCY
ഇരട്ടി ആക്കാൻ പഠിക്കാം
ENGLISH FLUENCY
MULTIPLIER
28th July 2024
LUXO Hotels Palarivattom - Cochin
ONE DAY TRAINING
REGISTER NOW! + 91 9037 610 413
E2407-536204

പാരാമെഡിക്കൽ കോഴ്സ്
കേന്ദ്രഗവൺമെന്റ് അംഗീകാരമുള്ള BSS ആയുർവേദ ഫാർമസി, നഴ്സിംഗ്, പഞ്ചകർമ കോഴ്സുകൾക്ക് അഡ്മിഷൻ തുടരുന്നു. ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്.
ALFA INS